(ബി) ഈ എഗ്രിമെന്റ് പ്രകാരം പവർഗ്രിഡ് കോർപ്പറേഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ തോടിന്റെ സംരക്ഷണത്തിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. പവർഗ്രിഡ് കോർപ്പറേഷന്റെ പരിധിക്കുള്ളിൽ വരുന്ന ജലസേചന വകുപ്പിന്റെ തോട് പവർഗ്രിഡ് കോർപ്പറേഷന് കൈമാറാനും പകരം പവർഗ്രിഡ് കോർപ്പറേഷന്റെ ചെലവിൽ തോട് നിർമ്മിക്കുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ എഗ്രിമെന്റ് ഒന്നും ഒപ്പുവച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) എഗ്രിമെന്റ് ഒപ്പുവച്ചതിനുശേഷം വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ഷൊർണ്ണൂർ-ചെറുതുരുത്തി പഴയപാലത്തിനും മുണ്ടായപള്ളത്തിനും സമീപം അടിയണകൾ നിർമ്മിക്കണമെന്ന ആവശ്യം

70 (2345) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ-ചെറുതുരുത്തി പഴയ പാലത്തിനും മുണ്ടായപള്ളത്തിനും സമീപം രണ്ട് അടിയണകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇപ്പോൾ ഇവയുടെ നടപടികൾ ഏതുഘട്ടത്തിലാണ് ;

(ഡി) ഇവ ഓരോന്നിന്റെയും അടങ്കൽ തുക എത്രയാണ് ;

(ഇ) ഇവയുടെ നിർമ്മാണത്തിന് ഭരണാനുമതി നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(എഫ്) പ്രസ്തുത അടിയണകളുടെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചെറുതുരുത്തിയിലും മുണ്ടായയിലും അടിയണകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി-എഫ്) ചോദ്യം ഉദിക്കുന്നില്ല.

അച്ചൻകോവിലാറിൽ മാരൂർകടവിൽ തടയണകെട്ടുന്നതിന് നടപടി

71 (2349) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചൻകോവിലാറിൽ പ്രമാടം പഞ്ചായത്തിലെ മാരൂർകടവിൽ തടയണ കെട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയോ ; വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോന്നി നിയോജകമണ്ഡലത്തിന്റെ വിവിധ കുടിവെള്ള/ജലസേചന പദ്ധതികൾക്ക് സഹായകമാവുന്ന മാരൂർകടവിലെ തടയണ നിർമ്മാണത്തിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താനുള്ള നിർദ്ദേശം നല്കുമോ ?

ഉത്തരം

(എ) പ്രമാടം പഞ്ചായത്തിലെ പ്രമാടം ഇൻടേക്കിന് സമീപമായി പ്രമാടം ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിന്റെ വിപുലീകരണത്തിനായി പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി തടയണ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) മുകളിൽ പറഞ്ഞ തടയണകൊണ്ട് കോന്നി നിയോജകമണ്ഡലത്തിലെ പ്രമാടം കുടിവെള്ള വിതരണ പദ്ധതിയുടെ സ്രോതസ്സിന്റെ വിപുലീകരണം ഉദ്ദേശിച്ചിട്ടുള്ളതിനാൽ പ്രത്യേക നിർദ്ദേശം ആവശ്യമില്ല.

രാജീവ്ഗാന്ധി ദേശീയ കുടിനീർ പദ്ധതി

72 (2350) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എൻ. രാജൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ദേശീയ കുടിനീർമിഷന്റെ കീഴിൽ ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന കുടിനീർ പദ്ധതിക്കായി സംസ്ഥാനത്തെ ഏതെല്ലാം ജില്ലകൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ഈ മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) രാജീവ്ഗാന്ധി ദേശീയ കുടിനീർ മിഷന്റെ കീഴിൽ ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന കുടിനീർ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

(ബി) രാജീവ്ഗാന്ധി ദേശീയ കുടിനീർമിഷന്റെ കീഴിൽ എ.ആർ.പി., എൻ.സി.പി.സി, പി.എം.ജി.എസ്.വൈ, എസ്.സി.പി തുടങ്ങിയ സ്കീമുകളിലുൾപ്പെടുത്തി എല്ലാ ജില്ലകളിലും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കൊല്ലം, കാസർഗോഡ് എന്നീ ജില്ലകളിൽ ജില്ലാപഞ്ചായത്ത് വഴി സെക്ടർ റിഫോംസ് എന്ന പേരിലുള്ള ഗ്രാമീണ കുടിവെള്ള പദ്ധതികളും രാജീവ്ഗാന്ധി ദേശീയ കുടിനീർ മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly